(7) വടക്കേക്കളത്തെ കർഷകർക്ക് ആശ്വാസ നടപടികൾ

ശ്രീ. കെ. പി. മോഹനൻ: സർ, കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജക മണ്ഡലത്തിലെ വടക്കേക്കളത്തിൽ അറുന്നൂറിൽപ്പരം കർഷകരെ കുടിയിറക്കാൻ വേണ്ടിയുള്ള നിയമനടപടികൾ ഉണ്ടായപ്പോൾ അതിനെതിരെ ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളും രൂപതയുടെ ആളുകളും ശക്തമായി സമരം നടത്തിയതിന്റെ ഫലമായി ബഹുമാനപ്പെട്ട മന്ത്രി 12-8-2005-ൽ ഒരു ബിൽ പാസ്സാക്കിയെങ്കിലും അതിന്റെ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിച്ചിട്ടില്ല. അവർക്ക് പട്ടയം ലഭിച്ചിട്ടില്ല. അതുപോലെ നികുതി അടയ്ക്കാനും സാധിച്ചിട്ടില്ല. നികുതി അടയ്ക്കാനും പട്ടയം ലഭിക്കാനുംവേണ്ടി കർഷകർക്ക് ആശ്വാസകരമായ നടപടികൾ സ്വീകരിച്ച് ബിൽ യാഥാർത്ഥ്യമാക്കി കർഷകരെ രക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നിയമസഭ പാസ്സാക്കിയ നിയമം ഇൻഡ്യൻ പ്രസിഡന്റിന്റെ അംഗീകാരത്തിനുവേണ്ടി അയച്ചിരിക്കുകയാണ്. ഇൻഡ്യൻ പ്രസിഡന്റ് ഒപ്പിട്ടുകഴിഞ്ഞാൽ ഉടനെ നിയമം നിലവിൽ വരുന്നതാണ്. പക്ഷേ ഇവിടെ അങ്ങനെ ഒരു നിയമം നിയമസഭ പാസ്സാക്കിയിട്ടുള്ളതുകൊണ്ടും ഗവൺമെന്റിന്റെ ആദ്യത്തെ ഒരു സർക്കുലറുള്ളതുകൊണ്ടും നമ്മുടെ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് ഒരിക്കൽ ടാക്സ് സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വസ്തു ഇപ്പോഴും അയാളുടെ കൈവശമാണെങ്കിൽ വീണ്ടും ടാക്സ് സ്വീകരിക്കാവുന്നതാണെന്ന് കാണിച്ചുകൊണ്ട് ഗവൺമെന്റ് ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ടായിരുന്നു. ആ ഉത്തരവ് വച്ച് ഈ ഭൂമിക്കും കരം വാങ്ങാവുന്നതാണ്. രണ്ടാമത് സ്പെഷ്യലായിട്ടു പറയുമ്പോൾ നിയമസഭ ഇവർക്ക് 10 ഏക്കർ ഭൂമിക്ക് സ്ഥിരാവകാശം നൽകിക്കൊണ്ടുള്ള നിയമം പാസ്സാക്കിയ സ്ഥിതിക്ക് തീർച്ചയായിട്ടും ഇവർ കരം ഒടുക്കിയിട്ടുള്ളവരാണെന്നുണ്ടെങ്കിൽ അവരിൽ നിന്ന് തുടർന്നും കരം സ്വീകരിക്കേണ്ടതാണ് എന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ ക്ലാരിഫിക്കേഷനു വേണ്ടി ഒന്നുകൂടി ഉടനെതന്നെ അയയ്ക്കാം.

(8) പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ

ശ്രീ. സി. പി. മുഹമ്മദ്: സർ, 8-ാം തീയതി ബുധനാഴ്ച പട്ടാമ്പിയിൽ ഒരു വൻ അഗ്നിബാധയുണ്ടായതിനെത്തുടർന്ന് താമസിക്കുന്ന വീടടക്കം ഒരുപാട് വ്യാപാര സ്ഥാപനങ്ങൾ കത്തിനശിച്ചു. നഷ്ടപരിഹാരം നൽകുന്നതിന് അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നില്ല. വളരെ ദയനീയമായ സ്ഥിതിയാണ്. ഷൊർണ്ണൂരിൽ നിന്നുവന്ന ഫയർ ഫോഴ്സ് എത്തുമ്പോൾ വഴിയിലുള്ള ഒരു റെയിൽവേ ഗേറ്റിൽ കുടുങ്ങിയത് കാരണം മണിക്കൂറുകൾ കഴിഞ്ഞാണ് എത്തിയത്. വർഗ്ഗീയ സംഘർഷങ്ങൾ ഉള്ളിടത്ത്, നഷ്ടപരിഹാരം കൊടുക്കാൻ നിയമമുള്ള ഒരു രാജ്യത്ത് അപ്രതീക്ഷിതമായി ഇതുപോലുള്ള അപകടങ്ങൾ ഉണ്ടാകുമ്പോൾ ഭീമമായ നഷ്ടം സംഭവിക്കുന്നവർക്ക് എന്തെങ്കിലും സഹായം നൽകാനുള്ള സാഹചര്യം ഉണ്ടാകണം. പട്ടാമ്പിയിൽ ഒരു ഫയർ സ്റ്റേഷൻ അത്യാവശ്യമാണ്. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇതുപോലെ ദൗർഭാഗ്യകരമായ സംഭവവികാസം ഉണ്ടായാൽ ചാരം വാരിക്കൂട്ടാൻ മാത്രമേ ഫയർ

LIBRARY ARCHIVES Kerala Legislative Assembly

ഫോഴ്സ് ഉപകരിക്കൂ എന്നുള്ളത് വാസ്തവമാണ്. അതുകൊണ്ട് അടിയന്തിരമായി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും ഈ അഗ്നിബാധയിൽ നഷ്ടം സംഭവിച്ചവർക്ക് കാര്യമായ സഹായം നൽകുവാൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കേരളത്തിൽ പുതിയതായി ആരംഭിക്കുന്നതിനായി തയ്യാറാക്കിയ ഫയർ സ്റ്റേഷനുകളുടെ മുൻഗണനാപട്ടികയിൽ പതിനെട്ടാമതായിട്ടാണ് പട്ടാമ്പിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് അവിടെ ആരംഭിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ടതിൽ വാടകകെട്ടിടമോ സ്ഥലമോ പഞ്ചായത്ത് ചെലവിൽ ഇപ്പോൾ ലഭ്യമല്ല എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ. ഒരു ഗവൺമെന്റ് സ്ഥലം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പോലീസിന്റെ കൈവശമുള്ള 70 സെൻറ് സ്ഥലമെങ്കിലും ഇതിന് ആവശ്യമായി വരും. അത് ആഭ്യന്തര വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത്യാവശ്യമായി ഗ്രാമപഞ്ചായത്ത് ചെലവിൽ താൽക്കാലിക കെട്ടിടവും ഗ്യാരേജും അനുബന്ധ സൗകര്യങ്ങളും ഒരുക്കുകയാണെങ്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാം.

(9) ചോവാലിൽ പള്ളി തെക്കേതിൽ ഗോപിയുടെ ദുരൂഹമരണം

ശ്രീ. എം. മുരളി: സർ, കഴിഞ്ഞ വ്യാഴാഴ്ച ഫെബ്രുവരി 9-ാം തീയതി വൈകിട്ട് എന്റെ നിയോജകമണ്ഡലമായ മാവേലിക്കര ചെന്നിത്തല തെക്ക് ചോവാലിൽ തെക്കേതിൽ ഗോപി എക്സൈസ് റെയ്ഡിനെത്തുടർന്ന് അച്ചൻകോവിൽ ആറ്റിലെ വലിയ പെരുമ്പുഴക്കടവ് ഭാഗത്ത് മുങ്ങിമരിച്ച സാഹചര്യമുണ്ടായി. ഇക്കാര്യത്തിൽ ശക്തമായ ജനവികാരം ഉയർന്നുവന്നിരിക്കുകയാണ്. എക്സൈസുകാർ നടത്തുന്ന റെയ്ഡ് നിയമപരമായ നടപടിയാണ്. പക്ഷേ ആ റെയ്ഡ് വേളയിൽ ഗോപിയെ അവർ കല്ലെറിഞ്ഞുവെന്നും ആക്രമിച്ചുവെന്നുമുള്ള ആക്ഷേപം ഉയർന്നുവന്നിരിക്കുകയാണ്. അങ്ങനെ അച്ചൻകോവിൽ ആറ്റിൽ എടുത്തുചാടിയ ഗോപി രക്ഷപ്പെടാനാകാതെ മുങ്ങിമരിച്ച സാഹചര്യം ഉണ്ടായി. പോസ്റ്റുമാർട്ടത്തിനുശേഷം ബന്ധുക്കളും നാട്ടുകാരുംകൂടി ഗോപിയുടെ മൃതശരീരം എക്സൈസ് ഓഫീസിന്റെ മുമ്പിൽ കൊണ്ടുവച്ച് ശക്തിയായ പ്രതിഷേധം ഉയർത്തി. പോലീസ് ഇടപെട്ട് നിഷ്പക്ഷമായി കേസന്വേഷിച്ച് ഇക്കാര്യത്തിൽ യാഥാർത്ഥ്യം പുറത്തുകൊണ്ടുവരുമെന്നും ആക്രമണം ഉണ്ടായിട്ടുണ്ടെങ്കിൽ കർശനമായ നടപടി സ്വീകരിക്കുമെന്നും ഉറപ്പു നൽകിയിരിക്കുകയാണ്. മൂന്ന് പെൺകുട്ടികളുടെ പിതാവാണ് ഗോപി. നിരാലംബമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഈ കുടുംബത്തെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുകയും ഇക്കാര്യത്തിൽ ആരുടെയെങ്കിലും ഭാഗത്തുനിന്നും വഴിവിട്ട നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, എക്സൈസുകാർ കള്ളച്ചാരായം വാറ്റുന്നത് പിടിക്കാൻവേണ്ടി വ്യാപകമായി റെയ്ഡ് നടത്താറുണ്ട്. ഈ സ്ഥലത്തും എക്സൈസ്

LIBRARY ARCHIVES Kerala Legislative Assembly